"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- WDC-PMKSY 2.0 പദ്ധതിയിലെ ടെക്നിക്കൽ എക്സ്പർട്ട്സ്, പ്രോജക്ട് എഞ്ചിനിയർ തസ്തികകളുടെ പ്രതിമാസ കരാർ വേതനം വർധിപ്പിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.660/2025/LSGD തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം:- 1. സ ഉ (സാധാ) നമ്പർ. 1387/2017/LSGD തീയതി 02.05.2017
2.സ ഉ (സാധാ) നമ്പർ.199/2020/LSGD തീയതി 25.01.2020
3.പ്രിൻസിപ്പൽ ഡയറക്ടറുടെ 16.02.2024, 25.03.2024 & 18.09.2024 തീയതികളിലെ LSGD/5515/2023-SLNA2 നമ്പർ കത്ത്.

**ഉത്തരവ്**

സംയോജിത നീർത്തട പരിപാലന പരിപാടിയിൽ (WDC-PMKSY) കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന 14 ജില്ലാതല ടെക്നിക്കൽ എക്സ്പർട്ടുമാരുടെ പ്രതിമാസ കരാർ വേതനം പ്രതിമാസം 32,300/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും 2000/- രൂപ നിരക്കിൽ യാത്രാപ്പടി അനുവദിക്കുന്നതിനു അനുമതി നൽകിയും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ സംയോജിത നീർത്തട പരിപാലന പരിപാടിയുടെ നിർവഹണത്തിനായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡിഗ്രി യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് വേതനം 25,000/- രൂപയായും (TA ഉൾപ്പെടെ) ഡിഗ്രി യോഗ്യത ഇല്ലാത്ത അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് പ്രതിമാസ വേതനം 20,000/- രൂപയായും (TA ഉൾപ്പെടെ) വർദ്ധിപ്പിച്ച് നൽകുന്നതിന് പരാമർശം (2) പ്രകാരവും അനുമതി നൽകിയിരുന്നു.

2. WDC-PMKSY-യെ തുടർന്ന് നിലവിൽ വന്ന WDC-PMKSY 2.0 പദ്ധതിയിൽ ടെക്നിക്കൽ എക്സ്പർട്ടായി നിലവിൽ അഗ്രിക്കൾച്ചർ ബിരുദമുള്ളവരെയും പ്രോജക്ട് എഞ്ചിനീയർമാരായി സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദമുള്ളവരെയുമാണ കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുള്ളതെന്നും ഈ തസ്തികകൾ സ.ഉ. (പി.) നം. 29/2021/ധന തീയതി 11.02.2021 ഉത്തരവിന്റെ അനുബന്ധത്തിലെ കാറ്റഗറി XI- ൽ പറയുന്ന അഗ്രിക്കൾച്ചർ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവക്ക് തത്തുല്യമായ കാറ്റഗറിയാണ് എങ്കിലും WDC-PMKSY ടെക്നിക്കൽ എക്സ്പർട്ട്, WDC-PMKSY പ്രോജക്ട് എഞ്ചിനീയർ എന്നീ തസ്തികകൾ ഉത്തരവിലെ അനുബന്ധത്തിൽ ചേർത്തിട്ടില്ലാത്തതിനാൽ ഉത്തരവിൻ പ്രകാരമുള്ള വേതനം ഇവർക്കു ലഭ്യമാകുന്നില്ല എന്നും ആയതിനാൽ ടെക്നിക്കൽ എക്സ്പർട്ട്, പ്രോജക്ട് എഞ്ചിനീയർ തസ്തികയിലുള്ളവർ പ്രസ്തുത ഉത്തരവിൻ പ്രകാരം വേതനം അനുവദിക്കുന്നതിനു അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം

അറിയിക്കുകയുണ്ടായി. കൂടാതെ, പദ്ധതിയുടെ മാർഗനിർദ്ദേശപ്രകാരം 10 ശതമാനം തുക ഭരണപരമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ് എന്നതിനാൽ ജീവനക്കാർക്ക് പദ്ധതിതുകയിൽ നിന്നും വേതനം നൽകുന്നതുവഴി സർക്കാരിനു അധിക സാമ്പത്തിക ബാദ്ധ്യതയൊന്നും ഉണ്ടാകില്ല എന്നും ആയതിനാൽ പദ്ധതിയിൽ കരാർ/ദിവസവേതന പ്രകാരം ജോലി ചെയ്യുന്ന ടെക്നിക്കൽ എക്സ്പർട്ട്സ്, പ്രോജക്ട് എഞ്ചിനീയർ എന്നിവരെകൂടി സ.ഉ. (പി.) നം. 29/2021/ധന തീയതി 11.02.2021 ഉത്തരവിന്റെ അനുബന്ധത്തിലെ കാറ്റഗറി XI-ൽ ഉൾപ്പെടുത്തി പുതുക്കിയ കരാർ/ദിവസവേതനം അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബി.ടെക്/എം.ടെക്/ എം.എസ്.സി./എം.സി.എ. തുടങ്ങിയ അടിസ്ഥാന യോഗ്യതകൾ ആവശ്യമുള്ള തസ്തികകൾ താത്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട വേതന പരിഷ്കരണ ഉത്തരവുകളുടെ കാറ്റഗറി IX മുതലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അഗ്രിക്കൾച്ചർ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനിയർ തുടങ്ങിയ തസ്തികകളുമായി ഒരു പദ്ധതിയുടെ കീഴിൽ വരുന്ന സമാന യോഗ്യതയുള്ള തസ്തികകകളെ താരതമ്യപ്പെടുത്തി വേതനം അനുവദിക്കുന്നത് ഉചിതമല്ല. അതിനാൽ ഈ തസ്തികകൾക്ക് കാറ്റഗറി XI പ്രകാരമുള്ള വേതനം അനുവദിക്കാനാവില്ല. ടെക്നിക്കൽ എക്സ്പർട്ടിന് Category X ന്റെ വേതനം അനുവദിക്കാവുന്നതിനാൽ സമാനമായ യോഗ്യത ഉള്ള പ്രോജക്ട് എഞ്ചിനിയർ തസ്തികക്കും Category X ന്റെ വേതനം അനുവദിക്കാവുന്നതാണ്. മാത്രമല്ല ടെക്നിക്കൽ എക്സ്പർട്ട്മാർക്ക് പ്രതിമാസം 2,000/- രൂപ യാത്രാബത്ത അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ വിഭാഗം ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിലേക്ക് ഉചിതമായ Grade നിശ്ചയിക്കേണ്ടതുമുണ്ട്.

4. ഈ സാഹചര്യത്തിൽ, WDC-PMKSY 2.0 പദ്ധതിയിലെ ടെക്നിക്കൽ എക്സ്പർട്ട്സ്, പ്രോജക്ട്എഞ്ചിനിയർ എന്നി തസ്തികകൾക്ക് 11.02.2021 തീയതിയിലെ സ.ഉ (പി) നം.29/2021/ധന ഉത്തരവിലെ കാറ്റഗറി X -ന്റെ വേതനമായ 36,000/- രൂപ പ്രതിമാസ കരാർ വേതനമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടെക്നിക്കൽ എക്സ്പർട്ട്മാർക്ക് യാത്രാബത്ത അനുവദിക്കുന്നതിലേക്ക് ഉചിതമായ ഗ്രേഡ് നിശ്ചയിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രത്യേകം ശുപാർശ സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(28.01.2025ലെ e-2757151 /ഡെവ-1/65/2024-ധനപ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 11-03-2025 12:14:26

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി